# 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ്
# (2003-ലെ 10-ാം ആക്റ്റ്)

## ഉള്ളടക്കം


പീഠിക

വകുപ്പുകൾ

1. ചുരുക്കപ്പേരും പ്രാരംഭവും
2. 85-ാം വകുപ്പിനുള്ള ഭേദഗതി
3. സാധുവൽക്കരണം
4. റദ്ദാക്കലും ഒഴിവാക്കലും


LIBRARY ARCHIVES Kerala Legislative Assembly

# 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് *

## (2003-ലെ 10-ാം ആക്റ്റ്)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുന്നതിനാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിനാലാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഈ ആക്റ്റിലെ 2-ാം വകുപ്പ് 1999 മാർച്ച് 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വകുപ്പുകൾ 2003 മാർച്ച് 29-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 85-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 85-ാം വകുപ്പ് (എഫ്) ഖണ്ഡത്തിന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ ഒരു സ്ഥാനാർത്ഥി അപ്രകാരമുള്ള സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് ഒപ്പിടുമ്പോൾ മനഃപൂർവ്വമല്ലാതെ അതിലെ ഏതെങ്കിലും വാക്കോ വാക്കുകളോ വിട്ടുകളഞ്ഞിരുന്നാൽത്തന്നെയും അയാൾ പിന്നീട് കൗൺസിലറായി തെരഞ്ഞെടുക്കപ്പെടുകയും മൂന്നാം പട്ടികയിലുള്ള സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് സ്ഥാനം ഏറ്റെടുക്കുകയും ചെയ്ത സംഗതിയിൽ, നേരത്തെ സംഭവിച്ച പിഴവുമൂലം അയാൾ അയോഗ്യനായി കണക്കാക്കപ്പെടാൻ പാടുള്ളതല്ല.".

*2003 ജൂലായ് 5-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 1195-ാം നമ്പർ അസാധാരണ ഗസറ്റായി 2003 ജൂലായ് 5-ാം തീയതി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.



LIBRARY ARCHIVES Kerala Legislative Assembly

3. സാധുവൽക്കരണം.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലോ (1994-ലെ 20) മറ്റേതെങ്കിലും നിയമത്തിലോ, ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരാൾ മുനിസിപ്പാലിറ്റിയിലെ ഒരു കൗൺസിലറായി തെരഞ്ഞെടുക്കപ്പെടുകയും പ്രധാന ആക്റ്റിലെ മൂന്നാം പട്ടിക പ്രകാരമുള്ള സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് സ്ഥാനം ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളിടത്ത് നാമനിർദ്ദേശപത്രിക സമർപ്പിച്ച സമയത്ത് വരണാധികാരിയുടെയോ മറ്റധികാരസ്ഥാനത്തിന്റെയോ മുമ്പാകെ ചെയ്തതോ ഒപ്പുവച്ചതോ ആയ സത്യപ്രതിജ്ഞയിലെയോ ദൃഢപ്രതിജ്ഞയിലെയോ ഏതെങ്കിലും വാക്കോ വാക്കുകളോ വിട്ടുപോയി എന്ന കാരണത്താൽമാത്രം അയാൾ കൗൺസിലറായിരിക്കുന്നതിന് അയോഗ്യനായി കരുതപ്പെടാനോ അയാളുടെ തെരഞ്ഞെടുപ്പ് അസാധുവായി കണക്കാക്കുവാനോ പാടില്ലാത്തതും അയാൾക്ക് കൗൺസിലറായി തുടരാവുന്നതും ആകുന്നു.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2003-ലെ കേരള തദ്ദേശ സ്വയംഭരണസ്ഥാപന നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (2003-ലെ 2) അതിന്റെ മൂന്നാം വകുപ്പ് ഒഴികെ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെട്ടതോ ആയ ഏതെങ്കിലും കാര്യമോ അല്ലെങ്കിൽ എടുത്തതോ എടുത്തതായി കരുതപ്പെട്ടതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിനാൽ ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ അല്ലെങ്കിൽ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

[Translation in English of the '2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

# THE KERALA MUNICIPALITY (AMENDMENT) ACT, 2003

## (ACT 10 OF 2003)

*An Act further to amend the Kerala Municipality Act, 1994.*

*Preamble.*—WHEREAS, it is expedient further to amend the Kerala Municipality Act, 1994 (20 of 1994) for the purposes hereinafter appearing;

BE it enacted in the Fifty-fourth year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Municipality (Amendment) Act, 2003.

(2) Section 2 of this Act shall be deemed to have come into force on the 24th day of March, 1999 and the remaining sections shall be deemed to have come into force on the 29th day of March, 2003.

2. *Amendment of section 85.*—In section 85 of the Kerala Municipality Act, 1994 (20 of 1994), (hereinafter referred to as the principal Act), after clause (f) the following proviso shall be added, namely:—

"Provided that even if a candidate has omitted any word or words inadvertently when he makes and subscribes signature in such oath or affirmation and he has subsequently been elected as Councillor and assumed office on oath or affirmation made in the Third Schedule he shall not be considered as disqualified for the mistake happened earlier.".

3. *Validation.*—Notwithstanding anything contained in the Kerala Municipality Act, 1994 (20 of 1994) or in any other law, or in any judgement or order of any court, where a person has been elected as a Councillor of a Municipality and has assumed office after making and subscribing oath or affirmation as per the Third Schedule of the principal Act, 1994, he shall not deemed to be disqualified for being a Councillor or his election shall not be considered as invalid for the only reason that while presenting nomination paper he has omitted any word or words in the oath or affirmation made or subscribed before the returning officer or any other authority and shall continue to be the Councillor.

LIBRARY ARCHIVES Kerala Legislative Assembly

4. *Repeal and saving.*—(1) The Local Self Government Institution Laws (Amendment) Ordinance, 2003 (2 of 2003), except Section 3 thereof is hereby repealed.

(2) Notwithstanding such repeal, anything done or deemed to have done or any action taken or deemed to have been taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Act.

LIBRARY ARCHIVES Kerala Legislative Assembly